Max Books



# സാഹിത്യചരിത്രം
# സിദ്ധാന്തം സൗന്ദര്യം രാഷ്ട്രീയം

എഡിറ്റർ
ഡോ. തോമസ് സ്കറിയ

## ഉള്ളടക്കം

### സിദ്ധാന്തം

ചരിത്രവും സാഹിത്യചരിത്രവും 11
*ഡോ. തോമസ് സ്കറിയ*

ചരിത്രരചന- ഉത്തരാധുനിക സങ്കല്പം 21
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രത്തിലെ കാലഘട്ടനിർണ്ണയം 29
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രം സാധ്യമാണോ? 39
*ഡോ. തോമസ് സ്കറിയ*

സാഹിത്യചരിത്രരചന-
പരികല്പനകളും പ്രതിനിധാനങ്ങളും 52
*ഡോ. വി. അനീഷ് കുമാർ*

ദേശചരിത്രവും സാഹിത്യചരിത്രങ്ങളും 68
*ഡോ. ജൈനിമോൾ കെ. വി.*

### സൗന്ദര്യം

ജനപ്രിയസാഹിത്യചരിത്രം മലയാളത്തിൽ 78
*ഡോ. ജൈനിമോൾ കെ. വി.*

സാഹിത്യചരിത്രങ്ങളും നാടോടിവിജ്ഞാനീയവും 91
*ഡോ. സിമ്പി കുര്യൻ*

പച്ചമലയാളപ്രസ്ഥാനവും സാഹിത്യചരിത്രങ്ങളും 106
*ഡോ. സുവർണ്ണിനി ദേവി ഇ.*

മലയാളത്തിലെ നോവൽ സാഹിത്യചരിത്രങ്ങൾ 113
*നിഷമോൾ തങ്കപ്പൻ*

## ദേശചരിത്രവും സാഹിത്യചരിത്രങ്ങളും

ഡോ. ജൈനിമോൾ കെ. വി.

ദേശചരിത്രങ്ങൾ സാഹിത്യത്തെ എത്രമാത്രം സ്വാധീനിച്ചിരുന്നു എന്ന അന്വേഷണം നമ്മുടെ കലയെയും സാഹിത്യത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകളെ നിർണയിക്കാൻ അനിവാര്യമാണ്. തെക്കൻ തിരുവിതാംകൂറിന്റെയും വള്ളുവനാടിന്റെയും കടത്തനാടിന്റെയും ഉത്തരമലബാറിന്റെയും ചരിത്രത്തെയും സംസ്കാരത്തെയും രേഖപ്പെടുത്തിയ ധാരാളം കൃതികൾ മലയാളത്തിലുണ്ടായിട്ടുണ്ട്. നമ്മുടെ സാഹിത്യചരിത്രങ്ങൾ കൃതികളിലെ ദേശസാന്നിധ്യത്തെ രേഖപ്പെടുത്തുന്നതിൽ എത്രത്തോളം വിജയിച്ചിട്ടുണ്ട്? ദേശചരിത്രങ്ങളുടെ ഈടിരിപ്പുകളായ വടക്കൻ പാട്ടുകൾക്കും മാപ്പിളപ്പാട്ടുകൾക്കും മറ്റും മലയാള സാഹിത്യ ചരിത്രങ്ങളിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടുണ്ടോ? എന്നിങ്ങനെയുള്ള അന്വേഷണത്തിന് വലിയ പ്രസക്തിയാണുള്ളത്. ഒറ്റപ്പെട്ട ചില പ്രാചീന മധ്യകാല കൃതികൾ വച്ചാണ് നാം മലയാള സാഹിത്യത്തിന്റെയും മലയാള ഭാഷയുടെയും ചരിത്രം നിർമിച്ചിരിക്കുന്നത് .ഓരോ നൂറ്റാണ്ടിനെയും പ്രതിനിധീകരിക്കാൻ ഒന്നോ രണ്ടോ എഴുത്തുകാരനെ മാത്രമേ നമുക്ക് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളൂ .പതിമൂന്നാം നൂറ്റാണ്ടിൽ ഒരു രാമചരിത കർത്താവ് പതിനാലാം നൂറ്റാണ്ടിൽ കണ്ണശ്ശന്മാർ പതിനഞ്ചാം നൂറ്റാണ്ടിൽ ചെറുശ്ശേരി പതിനാറാം നൂറ്റാണ്ടിൽ എഴുത്തച്ഛൻ പൂന്താനം നമ്പൂതിരി എന്നിവർ പതിനേഴാം നൂറ്റാണ്ടിൽ ശൂന്യം പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ചൻ നമ്പ്യാർ, ഉണ്ണായി വാര്യർ എന്നിവർ. മലയാളത്തെ സംബന്ധിച്ചിടത്തോളം ആധുനികത തുടങ്ങുന്ന 19 നൂറ്റാണ്ടിലെ ചില സാഹിത്യ ചരിത്രങ്ങൾ പോലും അപൂർണ്ണങ്ങളാണ്. എഴുത്തും വായനയും അറിയാവുന്ന ഒരു ചെറു ന്യൂനപക്ഷം മാത്രമേ കേരളീയ സമൂഹത്തിൽ ഉണ്ടായിരുന്നുള്ളൂ എന്നതും നാടുവാഴിത്ത ഭരണകാലത്ത് എഴുത്തിന് ഒരു ഉപജീവനമാർഗ്ഗം എന്ന നിലയ്ക്കപ്പുറം സ്ഥാനം ഇല്ലായിരുന്നു എന്നതുമായിരുന്നു അന്ന് കൃതികൾ പൊതുസദസ്സിലേക്ക് വരാതി